സംസ്ഥാനത്തെ ഒരു പഞ്ചായത്തിൽ മൂന്ന് വീതം 978 പഞ്ചായത്തുകളിൽ 2934 പോളീഹൗസുകൾ നിർമ്മിക്കുവാൻ ലക്ഷ്യമിട്ടിരുന്ന പ്രസ്തുത പദ്ധതിയിൽ നാളിതുവരെ 407 പോളീഹൗസുകൾ മാത്രമാണ് നിർമ്മാണം പൂർത്തിയായത്.

(സി) ഹൈടെക് ഫാമിംഗ് പദ്ധതിയിൽ പോളീഹൗസുകൾ സ്ഥാപിക്കുന്നതിനും മാതൃകാ പ്രദർശന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുമായി 2012-13 സാമ്പത്തിക വർഷത്തിൽ 507 ലക്ഷം രൂപയും 2013-14 സാമ്പത്തിക വർഷത്തിൽ പോളീഹൗസുകൾ സ്ഥാപിക്കുന്നതിനായി 300 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷത്തെ തുകയിൽ നാളിതുവരെ 405.729 ലക്ഷം രൂപയും 2013-14 സാമ്പത്തിക വർഷത്തെ തുകയിൽ 82.897 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

ഇതിനു പുറമേ 2012-13 വർഷത്തെ പച്ചക്കറി വികസന പദ്ധതിയിൽ 50 ശതമാനം ധനസഹായ നിരക്കിൽ പോളീഹൗസുകൾ സ്ഥാപിക്കുന്നതിനായി 250 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഇതിൽ 138.9912 ലക്ഷം രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. നീക്കിയിരിപ്പുള്ള തുക ഉപയോഗിച്ച് പോളീഹൗസ് നിർമ്മിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു.

(ഡി) ഹൈടെക് കൃഷി പദ്ധതിയിലൂടെ പ്രധാനമായും സലാഡ് വെള്ളരി, വള്ളിപ്പയർ, തക്കാളി, ക്യാപ്സിക്കം തുടങ്ങിയ പച്ചക്കറികളാണ് നിലവിൽ പോളീഹൗസുകളിൽ കൃഷി ചെയ്തുവരുന്നത്. ഒരു വിളയിൽ നിന്നും 3 മുതൽ 10 മടങ്ങ് വരെ അധിക വരുമാനം ലഭിക്കുന്നു. നിലവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പോളീഹൗസുകളിൽ ചതുരശ്ര മീറ്ററിന് ശരാശരി 10.25 കിലോഗ്രാം വിളവ് ലഭിക്കുന്നതായി കാണുന്നു. ഇത് തുറസ്സായ സ്ഥലത്തെ ഉത്പാദനത്തെക്കാളും പലമടങ്ങ് കൂടുതലാണ്. സംസ്ഥാനത്തിന് ആവശ്യമായ എല്ലാ പച്ചക്കറി വിളകളും പോളീഹൗസിൽ കൃഷി ചെയ്യുവാൻ സാധിക്കില്ല. ആയതിനാൽ പൂർണ്ണമായും സ്വയംപര്യാപ്തത കൈവരിക്കുവാൻ സാധിച്ചിട്ടില്ല.

(ഇ) ഇല്ല.

ഗ്രോബാഗ് പദ്ധതി നടത്തിപ്പിന്റെ അവലോകനം

94 (7391) ശ്രീ. ജി. സുധാകരൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. സി. കൃഷ്ണൻ :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രോബാഗ് പദ്ധതി നടത്തിപ്പിന്റെ അവലോകനം നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം പച്ചക്കറി കൃഷിയുടെ വ്യാപനമാണ് ലക്ഷ്യമിട്ടിരുന്നത് ;

(സി) ഓരോ ഗ്രോബാഗ് നിർമ്മിക്കുന്നതിനും എന്തുതുക ചെലവ് വന്നു ; ഇത് കർഷകർക്ക് എന്തു വിലയ്ക്ക് നൽകിയെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് ഇപ്പോൾ നിലച്ചിരിക്കുകയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ നല്കാമോ ?

ഉത്തരം

(എ) ഗ്രോബാഗ് പദ്ധതി നടത്തിപ്പിന്റെ അവലോകനം സംസ്ഥാനതല അവലോകന മീറ്റിംഗുകളിലും ജില്ലാതല അവലോകന മീറ്റിംഗുകളിലും നടത്താറുണ്ട്. പ്രസ്തുത മീറ്റിംഗുകളിൽ ഗ്രോബാഗ്, പോട്ടിംഗ് മിശ്രിതം, തൈകൾ എന്നിവയുടെ ഗുണമേന്മ, നിർവ്വഹണോദ്യോഗസ്ഥരും വിതരണ ഏജൻസിയും ഉറപ്പു വരുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രോബാഗ് പദ്ധതിയുമായി ബന്ധപ്പെട്ട് നൽകിയ മറ്റു നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

- ഗ്രോബാഗ്, പോട്ടിംഗ് മിശ്രിതം, തൈകൾ എന്നിവയുടെ ഗുണമേൻമ, ബന്ധപ്പെട്ട കൃഷി അസിസ്റ്റന്റ് ഡയറക്ടർ, കൃഷി ഡെപ്യൂട്ടി ഡയറക്ടർ, പ്രിൻസിപ്പൽ കൃഷി ഓഫീസർ എന്നിവർ സാമ്പിൾ പരിശോധന നടത്തി ഉറപ്പു വരുത്തേണ്ടതാണ്. പരിശോധനയുടെ വിവരങ്ങൾ രേഖപ്പെടുത്തണം.
- തൈകൾ പിടിക്കുന്നതുവരെയുള്ള എല്ലാ ഉത്തരവാദിത്വവും വിതരണ ഏജൻസിക്കായിരിക്കും.
- തൈകൾ പിടിച്ചതിനു ശേഷമുള്ള പരിപാലനത്തെക്കുറിച്ച് കൃഷി ഉദ്യോഗസ്ഥർ അവലോകനം നൽകും. ബന്ധപ്പെട്ട ലീഫ്‌ലെറ്റുകളും നൽകും.
- നാശം സംഭവിച്ച തൈകൾക്കു പകരം തൈകൾ ഏജൻസികൾ നൽകണം.
- വിത്ത്, തൈകൾ, ജൈവ കീടനാശിനികൾ, മറ്റു ഉല്പാദനോപാധികൾ എന്നിവയ്ക്ക് ആവർത്തനച്ചിലവുകൾക്കായി പ്രത്യേകം അനുവദിച്ച ഫണ്ടുപയോഗിക്കണം. ഒരു കൃഷിക്കാരന് പരമാവധി 200 രൂപയ്ക്കുള്ള ഉല്പാദനോപാധികൾ വിതരണം ചെയ്യാം. പരാതികൾ ഉണ്ടാകുന്നപക്ഷം കൃഷി വകുപ്പ്, വിതരണ ഏജൻസി, കാർഷിക സർവ്വകലാശാല എന്നിവയുടെ പ്രതിനിധികൾ പരിശോധന നടത്തി പരിഹാരം കാണണം.

സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ ജില്ലാതല ഡെപ്യൂട്ടി ഡയറക്ടറുടെ കീഴിലുള്ള ഫീൽഡ് അസിസ്റ്റന്റുമാർ ഗ്രോബാഗ് വിതരണം ചെയ്ത റസിഡൻസ് അസോസിയേഷനുകൾ, വീടുകൾ എന്നിവ സന്ദർശിക്കുകയും

LIBRARY ARCHIVES Kerala Legislative Assembly